# മലയാളികൾക്ക് റഷ്യകാണാൻ അവസ്സരമൊരുക്കുന്ന ഡെസ്റ്റിനേഷൻ റഷ്യ

തിരു : ഫെബ്രുവരി 22 : കമ്മ്യൂണിസത്തിൽ നിന്ന് വേർപിരിഞ്ഞ് മുതലാളിത്ത ലോകക്രമത്തിൽ നിലയുറപ്പിച്ചിരിക്കുന്ന ആധുനിക റഷ്യയുടെ മണ്ണിലേക്കൊരു യാത്ര മലയാളികളുടെ സ്വപ്നമായിരിക്കും. ലെനിനിന്റെയും സ്റ്റാലിന്റെയും നാട്ടിലേക്ക് വിരുന്നു പോകാൻ അവസ്സരമൊരുക്കുന്ന ഡെസ്റ്റിനേഷൻ റഷ്യ എന്ന പേരിലറിയപ്പെടുന്ന ടൂർ പാക്കേജ് പദ്ധതി ഇക്കഴിഞ്ഞ ദിവസം അനാവരണം ചെയ്യപ്പെട്ടു. കെ.റ്റി.ഡി.സി. ചെയർമാൻ ചെറിയാൻ ഫിലിപ്പാണ് പദ്ധതി ഉത്ഘാടനം ചെയ്തത്. ട്രാവൽ-ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം സംഘടനാ പ്രതിനിധികളും പങ്കെടുത്ത ചടങ്ങിലാണ് പദ്ധതിക്ക് തുടക്കമിട്ടത്.

ഇരുപതു വർഷമായി മോസ്കോ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന യുവബിസിനസ്സുകാരൻ രഘുനാഥൻ പിള്ളയും കഴിഞ്ഞ അഞ്ചുവർഷമായി റഷ്യയിൽ ഹോട്ടൽ വ്യവസായ രംഗത്തുള്ള ദിനേഷ് നായരുമാണ് പദ്ധതിയുടെ പ്രോക്താക്കൾ. ഡി. ആർ. ടൂർസ് & സർവ്വീസസ് എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങിയിട്ടുണ്ട്. റഷ്യയിൽ നിന്ന് ഇന്ത്യയിലേക്ക് ഇന്ത്യയിൽ നിന്ന് പ്രത്യേകിച്ച് കേരളത്തിൽ നിന്നും സഞ്ചാരികളെ റഷ്യയിലേക്കും ആകർഷിക്കുകയാണ് ലക്ഷ്യമെന്ന് ഏറ്റവും മികച്ച യുവബിസിനസ്സുകാരനുള്ള റഷ്യൻ പ്രസിഡന്റിന്റെ പുരസ്കാരം നേടിയിട്ടുള്ള രഘുനാഥൻ പിള്ള പറഞ്ഞു. ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ റഷ്യൻ സന്ദർശനവേളയിൽ അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിൽ പ്രവർത്തിച്ചയാളാണ് ദിനേഷ് നായർ. വിശദവിവരങ്ങൾ www.drtours.ru വിലും www.keraltoday.com ലും ലഭ്യമാണ്.